03
2026
സെപ്റ്റംബർ
വ്യാഴം
ചിങ്ങം 18

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 171 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-171 | പേജ് 4. വില 2.00 രൂപ

02 കോട്ടയത്ത് വീട് കുത്തിത്തുറന്ന് 23 പവൻ സ്വർണം കവർന്നു
03 ആലുവയിൽ കാണാതായ യുവാവിൻെറ മൃതദേഹം കണ്ടെത്തി
04 നേപ്പാൾ പ്രളയം: മരണസംഖ്യ 903 ആയി, 4,200 പേർ ഇനിയും കാണാമറയത്ത്

# സമുദ്രനിരപ്പ് ഉയരുന്നു, തീരദേശം ഭീഷണിയിൽ

## 3 നഗരങ്ങൾ മുങ്ങും 1.4 കോടി മനുഷ്യർ ഭീതിയിൽ; മുന്നറിയിപ്പുമായി യുഎൻ



ഐക്യരാഷ്ട്രസഭ (യുഎൻ) അടുത്തിടെ പുറത്തുവിട്ട റിപ്പോർട്ട് നൽകുന്ന മുന്നറിയിപ്പ് അനുസരിച്ച് വരാൻ പോകുന്ന മഹാ ദുരന്തത്തിന്റെ വെളിപ്പെടുത്തലാണ്. തീരദേശങ്ങളിലെ ശുചിത്വആരോഗ്യ സംവിധാനങ്ങൾ തകരുന്നതോടെ ജലജന്യ രോഗങ്ങൾ പടർന്നുപിടിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. കൂടാതെ, വീടും ഉപജീവനവും നഷ്ടപ്പെടുന്ന ജനത നേരിടേണ്ടി വരുന്ന മാനസിക സമ്മർദം ചെറുതല്ല. ചെറുകിട മത്സ്യത്തൊഴിലാളികൾ, ടൂറിസം മേഖലയെ ആശ്രയിക്കുന്നവർ, തുറമുഖ തൊഴിലാളികൾ എന്നിവരാണ് ഇതിന്റെ ആദ്യ ഇരകൾ.

കൊൽക്കത്ത, മുംബൈ, ബംഗ്ലദേശിലെ ധാക്ക തുടങ്ങി ദക്ഷിണേഷ്യൻ നഗരങ്ങളിലെ ദശലക്ഷക്കണക്കിന് മനുഷ്യർ തങ്ങളുടെ വീടും കിടപ്പാടവും എന്നെന്നേക്കുമായി സമുദ്രത്തിന് അടിയറവ് വയ്ക്കേണ്ടി വരുമെന്ന ഘട്ടത്തിലാണ്.

പ്രകൃതിയുടെ ഈ മാറ്റത്തോട് പൊരുത്തപ്പെടാനും നമ്മുടെ തീരങ്ങളെ സംരക്ഷിക്കാനും തയാറായില്ലെങ്കിൽ, ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യ നാടുകടത്തലിനാവും വരും ദശകങ്ങൾ സാക്ഷ്യം വഹിക്കുക.

'സമുദ്രനിരപ്പ് ഉയർച്ചയുടെ വെല്ലുവിളികളും അവയെ നേരിടാനുള്ള വഴികളും' എന്ന പേരിൽ യുഎൻ സെക്രട്ടറി ജനറൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, ദക്ഷിണേഷ്യൻ ഡെൽറ്റകളിൽ മാത്രം 1.4 കോടിയിലധികം ആളുകൾ പെട്ടെന്നുള്ള പ്രളയവും തീരങ്ങൾ സമുദ്രത്തിനടിയിലാകുന്നതും മൂലം ആവാസ വ്യവസ്ഥയിൽ നിന്ന് എന്നെന്നേക്കുമായി മാറ്റിസ്ഥാപിക്കാൻ സാധ്യതയുണ്ട്.

ആഗോളതലത്തിൽ സമുദ്രനിരപ്പ് ഉയരുന്നത് ഏത് കാലഘട്ടത്തെക്കാളും വേഗത്തിലാണ്. 2014നും 2023നും ഇടയിൽ പ്രതിവർഷം ശരാശരി 4.7 മില്ലീമീറ്റർ എന്ന നിരക്കിലാണ് കടൽ നിരപ്പ് ഉയർന്നതെങ്കിൽ, 2024ൽ അത് റെക്കോർഡ് വേഗമായ 5.9 മില്ലീമീറ്ററിലെത്തി. സമുദ്രജലത്തിന്റെ അസാധാരണമായ ചൂടുപിടിക്കലും ധ്രുവപ്രദേശങ്ങളിലെയും പർവതങ്ങളിലെയും മഞ്ഞുമലകളുടെ ദ്രുതഗതിയിലുള്ള ഉരുകലുമാണ് ഈ പ്രതിഭാസത്തിന് കാരണം.

ആഗോള ജനസംഖ്യയുടെ 10 ശതമാനത്തോളം, അതായത് ഏകദേശം 77 കോടി ആളുകൾ, ഉയർന്ന വേലിയേറ്റ രേഖയിൽ നിന്ന് അഞ്ച് മീറ്ററിൽ താഴെ മാത്രം ഉയരമുള്ള തീരദേശ മേഖലകളിലാണ് ജീവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം ഇതിനകം തന്നെ ഭൂമിയിൽ വരുത്തിവച്ച മാറ്റങ്ങൾ കാരണം 2050 വരെ സമുദ്രനിരപ്പ് ഉയരുന്നതിന്റെ വേഗം തുടരുമെന്ന് റിപ്പോർട്ട് അടിവരയിടുന്നു.

കടൽ കയറ്റത്തിന്റെ പ്രഹരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത രീതിയിലാണ് അനുഭവപ്പെടുന്നത്. മയാമി, ന്യൂയോർക്ക്, ചൈനയിലെ ഗുവാങ്ഷൂ തുടങ്ങിയ സമ്പന്ന നഗരങ്ങളിൽ കടലെടുക്കുന്നത് അടിസ്ഥാന സൗകര്യങ്ങളെയും ശതകോടികളുടെ ആസ്തികളെയുമാണ്. 2 ട്രില്യൻ മുതൽ 3.5 ട്രില്യൻ ഡോളർ വരെയുള്ള സാമ്പത്തിക നഷ്ടമാണ് ഈ മേഖലകളിൽ പ്രവചിക്കപ്പെടുന്നത്. എന്നാൽ കൊൽക്കത്തയും മുംബൈയും ധാക്കയും ഉൾപ്പെടുന്ന ദക്ഷിണേഷ്യൻ മേഖലകളിൽ ഭീഷണി പണത്തിനപ്പുറം മനുഷ്യജീവനുകളെ തന്നെയാണ് ബാധിക്കുന്നത്. കോടിക്കണക്കിന് മനുഷ്യരുടെ തദ്ദേശീയമായ കുടിയൊഴിപ്പിക്കലാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്.

അതുകൊണ്ടുതന്നെ, തീരദേശ ഭീഷണികളെ വെറും സാമ്പത്തിക നഷ്ടത്തിന്റെ കണക്കുകളിൽ മാത്രം അളക്കാതെ, വീട് നഷ്ടപ്പെടുന്ന മനുഷ്യരുടെ എണ്ണത്തിന് മുൻഗണന നൽകി വേണം വിലയിരുത്തലുകൾ നടത്താൻ എന്ന് യുഎൻ നിർദേശിക്കുന്നു.

കടൽ കയറുന്നത് നഗരങ്ങളെ മുക്കുക മാത്രമല്ല ചെയ്യുന്നത്, അത് ഒരു പ്രദേശത്തിന്റെ ആവാസവ്യവസ്ഥയെ ഒന്നാകെ വിഷമയമാക്കുന്നു. സമുദ്രത്തിലെ ഉപ്പുവെള്ളം കരയിലേക്ക് കയറുന്നതോടെ ശുദ്ധജല സ്രോതസ്സുകളും ഭൂഗർഭ ജലശേഖരങ്ങളും ഉപ്പുമയമായി മാറുന്നു. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഉയരുന്ന കൂറ്റൻ തിരമാലകൾ കാർഷിക ആവശ്യങ്ങൾക്കും കുടിവെള്ളത്തിനുമുള്ള സ്രോതസ്സുകളെ ദീർഘകാലത്തേക്ക് ഉപയോഗശൂന്യമാക്കുന്നു.

കടൽനിരപ്പ് ഉയരുന്നത് പെട്ടെന്ന് തടഞ്ഞുനിർത്താൻ കഴിയുന്ന ഒന്നല്ല. അത് ദശാബ്ദങ്ങളോളം നീണ്ടുനിൽക്കുന്ന ഒന്നായതിനാൽ, ഉടനടിയുള്ളതും ദീർഘകാല അടിസ്ഥാനത്തിലുള്ളതുമായ അതിജീവന പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

1.നദിസമുദ്ര നിയന്ത്രണ നയങ്ങൾ: നദീതടങ്ങൾ, ശുദ്ധജല സ്രോതസ്സുകൾ, തീരദേശങ്ങൾ എന്നിവയെ കോർത്തിണക്കിക്കൊണ്ടുള്ള ശാസ്ത്രീയമായ ഭൂവിനിയോഗ ആസൂത്രണം ഉണ്ടാകണം.

2.ആഗോള സഹായവും സാമ്പത്തിക പിന്തുണയും: വികസ്വര രാജ്യങ്ങൾക്കും ദുർബലമായ തീരദേശ സമൂഹങ്ങൾക്കും ആവശ്യമായ സാങ്കേതിക വിദ്യയും കൃത്യമായ ധനസഹായവും ലഭ്യമാക്കാൻ രാജ്യാന്തര സമൂഹം മുന്നോട്ട് വരണം.

3.മുൻകൂട്ടിയുള്ള ദുരന്തനിവാരണം: തീര സംരക്ഷണ ഭിത്തികൾ, കണ്ടൽക്കാടുകളുടെ പുനഃസൃഷ്ടി, ശാസ്ത്രീയമായ പ്രളയ പ്രതിരോധ സംവിധാനങ്ങൾ എന്നിവ അടിയന്തരമായി നടപ്പിലാക്കണം

# വ്യാജരേഖ ചമച്ച് ലൈഫ് ഭവന പദ്ധതിയിലെ പണം തട്ടിയെടുത്തു

## വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ പിടിയിൽ

പത്തനംതിട്ട: ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക വ്യാജരേഖ ചമച്ച് തട്ടിയെടുത്ത സംഭവത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ പൊലിസ് കസ്റ്റഡിയിൽ. പത്തനംതിട്ട തണ്ണിത്തോട് പഞ്ചായത്ത് ജീവനക്കാരി റാണി ലക്ഷ്മി ആണ് പിടിയിലായത്.

റാണി ലക്ഷ്മി ജോലി നോക്കിയിരുന്ന മൂന്ന് പഞ്ചായത്തുകളിലും ക്രമക്കേട് നടത്തിയിട്ടുണ്ടെന്നാണ് പൊലിസിന് ലഭിച്ച വിവരം. ലൈഫ് ഭവന പദ്ധതി, വീട് പുനരുദ്ധാരണം എന്നീ പദ്ധതികളിലെ ഗുണഭോക്താക്കളുടെ പണം ഏറെക്കാലമായി മുടങ്ങിയിരുന്നു.

ഇതോടെയാണ് സീതത്തോട് പഞ്ചായത്ത് വൈസ് പ്രസിഡൻറിന് ഉൾപ്പെടെ സംശയം തോന്നിയത്. ഇതേതുടർന്ന് ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് വേണമെന്ന ആവശ്യമുയർന്നു. പിന്നാലെ പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ച് പഞ്ചായത്ത് സെക്രട്ടറി പരിശോധന നടത്തി.

തുടർന്നാണ് അരക്കോടി രൂപയുടെ തട്ടിപ്പ് നടന്നതായി കണ്ടെത്തിയത്. റാണി ലക്ഷ്മി ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും അക്കൗണ്ടിലേക്കാണ് ഫണ്ട് മാറ്റിയതെന്ന് കണ്ടെത്തിയിട്ടുണ്ട്.

# വംശനാശ ഭീഷണി നേരിടുന്ന സ്രാവിനങ്ങളെ തിരിച്ചറിയാൻ 'ഷാർക് അവെയർ' ആപ്പ്

സിഎംഎഫ്ആർഐ വികസിപ്പിച്ച മൊബൈൽ ആപ്പും ഇലേണിംഗ് മൊഡ്യൂളും ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ പ്രകാശനം ചെയ്തു

കൊച്ചി: സംരക്ഷിത പട്ടികയിലുള്ള സ്രാവ്, തിരണ്ടിയിനങ്ങളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ച 'ഷാർക് അവെയർ' മൊബൈൽ ആപ്പും ഇന്ററാക്ടീവ് ഇലേണിംഗ് മൊഡ്യൂളും ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ പ്രകാശനം ചെയ്തു.

വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത പട്ടികയിലുള്ള സ്രാവിനങ്ങളെ തിരിച്ചറിയാനും അവയുടെ ശാസ്ത്രീയ നിയമവശങ്ങളെ കുറിച്ച് മനസ്സിലാക്കാനും സഹായിക്കുന്നതാണ് 'ഷാർക്ക് അവെയർ' ആപ്പ്. പിടിക്കപ്പെടുന്ന സ്രാവുകൾ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിക്കപ്പെട്ടവയാണോ എന്ന് ആപ്പിലൂടെ എളുപ്പത്തിൽ തിരിച്ചറിയാം.

2022ൽ ഭേദഗതി ചെയ്ത വന്യജീവി സംരക്ഷണ നിയമത്തിലെ വിവിധ പട്ടികകളിൽ ഉൾപ്പെട്ട സ്രാവുകളുടെ വിവരങ്ങളും ഇവയുടെ രാജ്യാന്തര വ്യാപാര നിയന്ത്രണങ്ങളും ആപ്പിലുണ്ടാകും

മത്സ്യത്തൊഴിലാളികൾക്കും ഫിഷറീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് ഈ ആപ്പ്. ഉടനെ തന്നെ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാകും.

സ്രാവുകളെയും കടൽ പരിസ്ഥിതിയെയും കുറിച്ച് കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കായി ഒരുക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇലേണിങ് മൊഡ്യൂൾ. ലളിതമായ ഭാഷയിലുള്ള പാഠങ്ങൾക്കൊപ്പം സ്വയം അറിവ് പരിശോധിക്കാൻ പ്രശ്നോത്തരി, തത്സമയ വിലയിരുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ലക്ഷ്യമിട്ട്, ലളിതവും ആകർഷകവുമായ രീതിയിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

വന്യജീവി സംരക്ഷണ നിയമം, വംശനാശഭീഷണി നേരിടുന്ന ജീവികളുടെ അന്താരാഷ്ട്ര കരാർ (സൈറ്റസ്), ജീവികളെ തിരിച്ചറിയാനുള്ള മാർഗം തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ എഫ് ഡി ബി) സാമ്പത്തിക സഹായത്തോടെ സിഎംഎഫ്ആർഐയിൽ ഫിൻഫിഷ് ഫിഷറീസ് ഡിവിഷനിലെ സീനിയർ സയന്റിസ്റ്റ് ഡോ ലിവി വിൽസന്റെ നേതൃത്വത്തിലാണ് ആപ്പും ഇലേണിംഗ് മൊഡ്യൂളും വികസിപ്പിച്ചത്.

പ്രകാശന ചടങ്ങിൽ ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബി അബ്ദുൽ നാസർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ഫിഷറീസ് ഡയറക്ടർ ചെൽസാസിനി വി, ഡോ ശോഭ ജോ കിഴക്കൂടൻ തുടങ്ങിയവർ സംബന്ധിച്ചു.





ഓപ്പറേഷൻ തൂഫാനോടനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയും ആഭ്യന്തരവകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന കുട്ടികളുടെ ഷോർട്ട്ഫിലിം മത്സരത്തിന്റെ ലോഗോ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പ്രകാശനം ചെയ്യുന്നു

## കേരളത്തിലെ സ്കൂളുകൾ ഏറ്റെടുക്കും മന്ത്രി : രമേഷ് ചെന്നിത്തല

ലഹരിക്കെതിരായ പോരാട്ടം കേരളത്തിലെ സ്കൂൾ ക്യാമ്പസുകൾ എറ്റെടുക്കുമെന്നും ക്യാമ്പസുകളിലും ഒപ്പം സമൂഹത്തിലും വലിയ മാറ്റത്തിന് അത് കാരണമാകുമെന്നും ആഭ്യന്തര മന്ത്രി രമേഷ് ചെന്നിത്തല പറഞ്ഞു. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്കായി പെതുവിദ്യാഭ്യാസ വകുപ്പിന്റെയും സംസ്ഥാന ആഭ്യന്തര വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ (ടകളഠ) നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിന്റെ ലോഗോ പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി.

ഹയർ സെക്കൻഡറി, വി.എച്ച്.എസ്.സി., ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ കഴിയുക. ജില്ലാതലത്തിൽ നടത്തുന്ന മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാനാകും. ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടുന്ന ടീമിന് പതിനായിരം രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 1 ലക്ഷം രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 75,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 50,000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റു നൽകും.

എസ്.ഐ.ഇ.ടി. ഡയറക്ടർ സിബി മുഹമ്മദ്, സീനിയർ അക്കാദമിക് കോർഡിനേറ്റർ ഡോ. പി.എൽ. അനിൽകുമാർ, ഫാത്തിമ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാൻ ഡോ. കെ.പി. ഹുസൈൻ എന്നിവർ പങ്കെടുത്തു.

## പിആർഡി പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നിർമിക്കുന്ന ഇൻഹൗസ് ഇൻഫോ വീഡിയോകൾ, റീലുകൾ, സോഷ്യൽ മീഡിയ ക്രിയേറ്റീവുകൾ എന്നിവയുടെ പ്രൊഡക്ഷൻ ജോലികൾക്കായി വീഡിയോ എഡിറ്റർ, ക്യാമറാമാൻ, ഡബ്ബിംഗ് ആർട്ടിസ്റ്റ് വിഭാഗങ്ങളിൽ പാനൽ രൂപീകരിക്കുന്നു. മുഖാമുഖത്തിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. പ്രതിഫലം പീസ് വർക്ക് അടിസ്ഥാനത്തിലാണ്.

**യോഗ്യതകൾ:**

**ക്യാമറാമാൻ:-** കുറഞ്ഞത് അഞ്ച് വർഷം വീഡിയോഗ്രാഫിയിൽ പ്രവൃത്തിപരിചയം. ഉയർന്ന നിലവാരമുള്ള ഡിജിറ്റൽ മൂവി ക്യാമറകൾ ഉൾപ്പെടെ വിവിധ ക്യാമറാ/ക്യാമറ അനുബന്ധ ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള അറിവും സർക്കാർ പരിപാടികൾ ചെയ്തുള്ള പരിചയം അഭികാമ്യം.

**വീഡിയോ എഡിറ്റർ:-** എഫ്.സി.പി, പ്രീമിയർ തുടങ്ങിയ എഡിറ്റിംഗ്, സൗണ്ട് റെക്കോഡിംഗ് സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാനുള്ള അറിവ്. കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയം. സർക്കാർ പരിപാടികൾ ചെയ്ത പരിചയം അഭികാമ്യം. കളർഗ്രേഡിംഗ്, എ.ഐ വീഡിയോ ടൂളുകൾ ഉപയോഗിക്കാനുള്ള അറിവ് അഭികാമ്യം.

**ഡബ്ബിംഗ് ആർട്ടിസ്റ്റ്:-** ഈ മേഖലയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം.

അപേക്ഷകൾ 2026 സെപ്റ്റംബർ 14 നകം ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ അയക്കണം. prdprogrammeproduction@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ഷോ റീലുകൾ സമർപ്പിക്കാം.

നേരിട്ടോ തപാലിലോ അപേക്ഷകൾ നൽകുന്നവർ കവറിന് പുറത്ത് അപേക്ഷിക്കുന്ന വിഭാഗത്തിൻറെ പേര് രേഖപ്പെടുത്തണം. ഇ-മെയിലിൽ അയക്കുന്നവർ സബ്ജക്ടായി ഈ വിവരങ്ങൾ രേഖപ്പെടുത്തണം. വിശദാംശങ്ങൾ prd.kerala.gov.in ൽ ലഭിക്കും.

# തൂഫാൻ; ഉദ്യോഗസ്ഥരെ ആക്രമിച്ചാൽ ശക്തമായ നടപടിയെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ

## വനാതിർത്തി നിർണ്ണയത്തിൽ ജനവാസ മേഖലകൾ ഒഴിവാക്കും

സംസ്ഥാനത്ത് മയക്കുമരുന്ന് മാഫിയക്കെതിരെ സർക്കാർ ആരംഭിച്ച 'തൂഫാൻ' ലഹരി വിരുദ്ധ പദ്ധതി അതിശക്തമായി മുന്നോട്ട് പോകുകയാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മയക്കുമരുന്ന് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരെയോ അവരെ സഹായിക്കുന്ന പൊതുപ്രവർത്തകരെയോ ആക്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. യുവതലമുറയെ ലഹരിയുടെ പിടിയിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്ക് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പൂർണ പിന്തുണയുണ്ടെന്നും മന്ത്രിസഭായോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

വനാതിർത്തി നിർണ്ണയത്തിൽ ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. കസ്തൂരിരംഗൻ കമ്മിറ്റി ആദ്യം 13,108 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് പരിസ്ഥിതി ലോല മേഖലയായി നിർദേശിച്ചത്. ഉമ്മൻ വി ഉമ്മൻ കമ്മിറ്റി നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇത് 123 വില്ലേജുകളിലായി 9,993.7 ചതുരശ്ര കിലോമീറ്ററായി കുറച്ചു. പിന്നീട് വില്ലേജ് വിഭജനത്തെ തുടർന്ന് 131 വില്ലേജുകളായെങ്കിലും കഴിഞ്ഞ സർക്കാർ ഇത് 98 വില്ലേജുകളായി ചുരുക്കി. നിലവിലെ കരട് റിപ്പോർട്ടിന്റെ കാലാവധി നീട്ടുന്നതിനുള്ള പുതിയ ഡ്രാഫ്റ്റ് മാത്രമാണ് ഇപ്പോൾ വന്നിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

പരിസ്ഥിതി ലോല മേഖലയായി കണക്കാക്കുന്ന പതിനായിരത്തോളം ചതുരശ്ര കിലോമീറ്ററിൽ ഏകദേശം 9,200 ചതുരശ്ര കിലോമീറ്ററും റിസർവ് വനമാണ്. 98 വില്ലേജുകളിലായി 8,590 ചതുരശ്ര കിലോമീറ്ററായി പരിധി പരിമിതപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ശക്തമായ നിലപാട്. വനത്തോടൊപ്പം ജനവാസ കേന്ദ്രങ്ങളുള്ള വില്ലേജുകളിൽ ജനവാസ മേഖലകൾ പൂർണമായും ഒഴിവാക്കി വനപ്രദേശം മാത്രം ഉൾപ്പെടുത്തണമെന്നും ഒരു വില്ലേജും പൂർണമായി വനാതിർത്തിയായി പ്രഖ്യാപിക്കരുതെന്നും വിദഗ്ധ സമിതിക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാർ പരിധിവിട്ട് കടമെടുക്കുന്നു എന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വസ്തുതകൾ പഠിക്കാതെയും ധവളപത്രം പരിശോധിക്കാതെയുമാണ് ഇത്തരം പ്രചരണങ്ങൾ. മുൻപ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3.5 ശതമാനമായിരുന്നെങ്കിൽ നിലവിൽ കേന്ദ്രം അത് മൂന്ന് ശതമാനമായി വെട്ടിക്കുറച്ചു. ഊർജമേഖലയ്ക്ക് അധികമായി അനുവദിച്ചിരുന്ന 0.5 ശതമാനം കടമെടുപ്പ് ആനുകൂല്യവും ഇപ്പോൾ ലഭിക്കുന്നില്ല. ഇതിനൊപ്പം 15-ാം ധനകാര്യ കമ്മീഷൻ വഴി ലഭിച്ചിരുന്ന 55,000 കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 16-ാം ധനകാര്യ കമ്മീഷൻ അനുവദിക്കാതിരുന്നതും വലിയ തിരിച്ചടിയായി. ഈ തുക തുടർന്നും ലഭിക്കുമെന്ന പ്രതീക്ഷയിലാണ് മുൻ ധനമന്ത്രി ബജറ്റ് തയ്യാറാക്കിയതെന്നും മുഖ്യമന്ത്രി പറഞ്ഞു. നികുതി വിഹിതത്തിലുണ്ടായ കുറവിലൂടെ കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട തുകയിലും ഏകദേശം 20,000 കോടി രൂപയുടെ ഇടിവുണ്ടായി.

ബജറ്റിന് പുറത്ത് കിഫ്ബി വഴിയുള്ള 38,000 കോടി രൂപയുടെ ബാധ്യതയും തീർക്കാനുണ്ട്. വരുമാനത്തിലും കടമെടുപ്പ് പരിധിയിലും വലിയ കുറവുണ്ടായിട്ടും കേന്ദ്രം വെട്ടിക്കുറച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും മുൻകാലത്തെ കുടിശികകൾ കൂടി തീർത്തുവരികയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ലോകത്ത് കടമെടുക്കാതെ പ്രവർത്തിക്കുന്ന ഒരു സർക്കാരുമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ട അപേക്ഷകളുടെ പരിശോധന വേഗത്തിൽ പൂർത്തിയാക്കി ഈ ആഴ്ച്ച തന്നെ തുക വിതരണം ചെയ്തു തുടങ്ങും. വയനാട് തുരങ്കപാതയിലെ മണ്ണിടിച്ചിൽ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച അഞ്ചംഗ സമിതിയുടെ റിപ്പോർട്ട് ഉടൻ സർക്കാരിന് ലഭിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ലയണൽ മെസിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് നൽകിയ പരാതി തുടർനടപടികൾക്കായി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. ജിഎസ്ടി ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടുകളിൽ പ്രത്യേക അന്വേഷണ സംഘം പരിശോധന നടത്തിവരികയാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഓണക്കാലത്ത് സർക്കാരിന്റെ എല്ലാ വകുപ്പുകളും മികച്ച രീതിയിൽ പ്രവർത്തിച്ചു. കെഎസ്ആർടിസി സൗജന്യ യാത്രകൾ നൽകിയിട്ടും റെക്കോർഡ് കളക്ഷൻ നേടി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി 13 അവശ്യസാധനങ്ങൾ ജനങ്ങളിൽ എത്തിച്ച് വിപണി സജീവമാക്കാനും സാധിച്ചു. വിനോദസഞ്ചാര വകുപ്പ് മികച്ച രീതിയിൽ ഓണപ്പരിപാടികൾ സംഘടിപ്പിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

റെയിൽവേ വിഭജനത്തിനെതിരെയുള്ള സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് പ്രധാനമന്ത്രിയെയും റെയിൽവേ മന്ത്രിയെയും നേരിൽ കണ്ട് അറിയിക്കും. പ്രിയദർശിനി പദ്ധതിയിൽ സ്വകാര്യ മേഖലയെക്കൂടി സംരക്ഷിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു നടപ്പിലാക്കും. തിയേറ്ററുകളിൽ ഭക്ഷ്യസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് സംബന്ധിച്ച പരാതി സർക്കാർ പരിശോധിക്കും. പുതിയ നികുതികൾ അടിച്ചേൽപ്പിക്കാതെ വിപണിയെ ഉത്തേജിപ്പിച്ച് സർക്കാരിന്റെ വരുമാനം വർധിപ്പിക്കുന്ന സാമ്പത്തിക നയമാണ് സർക്കാർ നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## രണ്ടാംഘട്ട കേന്ദ്രീകൃത താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2026-27 അധ്യയന വർഷത്തിലെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. നിർദ്ദിഷ്ട സമയത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in ൽ ലഭ്യമാകും. താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് പരാതിയുള്ള വിദ്യാർഥികൾ സെപ്റ്റംബർ 3 ഉച്ചയ്ക്ക് 2ന് മുമ്പായി ceekinfo.cee@kerala.gov.in എന്ന ഇ-മെയിൽ മുഖേന അറിയിക്കണം. സാധുവായ പരാതികൾ പരിഗണിച്ച ശേഷം അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കും. ഹെൽപ് ലൈൻ: 04712332120, 04712338487

## സ്പോട്ട് അഡ്മിഷൻ

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിൽ വിവിധ ബ്രാഞ്ചുകളിൽ റഗുലർ/ ലാറ്ററൽ എൻട്രി ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 8നു നടത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താല്പര്യമുള്ള വിദ്യാർഥികൾ അന്നേ ദിവസം രാവിലെ 9 ന് മുൻപ് നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളേജിൽ എത്തിച്ചേരണം. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള എല്ലാ വിഭാഗക്കാർക്കും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർക്കും അർഹമായ ഫീസിളവ് ലഭിക്കും. വിവരങ്ങൾക്ക്: www.polyadmission.org/let., www.polyadmission.org, 9447857727, 9446908466.

# അധ്യാപക പി എസ് സി റാങ്ക്ലിസ്റ്റ് കാലാവധി നീട്ടി : മുഖ്യമന്ത്രി വി ഡി സതീശൻ

## മൂന്ന് പുതിയ എൻഡിപിഎസ് കോടതികൾ സ്ഥാപിക്കും

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപക നിയമനത്തിനുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് നീട്ടിയതായി മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. 2026 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നീട്ടുന്നത്.പ്രീപ്രൈമറി ടീച്ചർ (519/2019), എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) 203/2021, എച്ച്.എസ്.ടി. (മലയാളം) 255/2021, എച്ച്.എസ്.ടി. (ഹിന്ദി) 562/2021, എച്ച്.എസ്.ടി. (ഇംഗ്ലീഷ്) 254/2021, എച്ച്.എസ്.ടി. (മാത്തമാറ്റിക്സ്) 383/2020, എച്ച്.എസ്.ടി. (നാച്ചറൽ സയൻസ്) 384/2020, ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) 520/2019, പാർട് ടൈം എച്ച്.എസ്.ടി (ഹിന്ദി) 422/2019, എച്ച്.എസ്.ടി. ഡ്രോയിംഗ് ടീച്ചേഴ്സ് 524/2019, പാർടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക് യു.പി.എസ്.) 402/2020, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ യു.പി.എസ്. 525/2019, എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) 728/2021, എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് 730/2021, എച്ച്.എസ്.എസ്.ടി. (ഹിസ്റ്ററി) 486/2019, എച്ച്.എസ്.എസ്.ടി. (ജൂനിയർ സുവോളജി) 738/2021, എച്ച്.എസ്.എസ്.ടി. (ജൂനിയർ ജ്യോഗ്രഫി) 736/2021, എച്ച്.എസ്.എസ്.ടി. (ജൂനിയർ ബോട്ടണി 737/2021 എന്നീ റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിച്ചത്.സെൻസസ് ഡ്യൂട്ടി, ബി.എൽ.ഒ ചുമതലകൾ, സ്ഥലംമാറ്റ നടപടികളിലെ കാലതാമസം, സ്റ്റാഫ് ഫിക്സേഷൻ വൈകിയത് തുടങ്ങിയ കാരണങ്ങളാൽ അധ്യാപക ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലുണ്ടായ കാലതാമസം പരിഹരിക്കാനാണ് നടപടിയെന്ന് മന്ത്രിസഭായോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.ലഹരിമരുന്ന് കേസുകളുടെ വിചാരണ വേഗത്തിലാക്കാൻ പാലക്കാട്, മഞ്ചേരി, തൃശൂർ ജുഡീഷ്യൽ ജില്ലകളിൽ മൂന്ന് പുതിയ എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മൂന്ന് കോടതികളിലുമായി 33 പുതിയ തസ്തികകൾ സൃഷ്ടിക്കും. തിരുവനന്തപുരം, എറണാകുളം എൻഡിപിസ് കോടതികളിലെ സ്ഥിരം തസ്തികകളുടെ എണ്ണം എട്ടിൽ നിന്ന് പതിനൊന്നായി ഉയർത്തും. പുതിയ കോടതികളും ജീവനക്കാരുടെ നിയമനവും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെങ്കിലും ലഹരിമരുന്നിനെതിരായ ശക്തമായ നടപടികളുടെ ഭാഗമായാണ് തീരുമാനമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

## പരീക്ഷാ തീയതി

ഓഫ് ക്യാമ്പസ് പ്രോഗ്രാമുകളുടെ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ സെപ്റ്റംബർ 23 മുതൽ ഏറ്റുമാനൂരപ്പൻ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.മൂന്നാം സെമെസ്റ്റർ (സിബിസിഎസ്എസ്) (20142016 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ ബിഎസ്.സി സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-2017 അഡ്മിഷനുകൾ മേഴ്സി ചാൻസ്) ജൂൺ 2025 പരീക്ഷകൾ സെപ്റ്റംബർ 28 മുതൽ നടക്കും.

## താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2026-27 അധ്യയന വർഷത്തിലെ ത്രിവത്സര എൽ.എൽ.ബി. കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. നിർദ്ദിഷ്ട സമയത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in ൽ ലഭ്യമാകും. താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് പരാതിയുള്ള വിദ്യാർഥികൾ സെപ്റ്റംബർ 3 ഉച്ചയ്ക്ക് 2ന് മുമ്പായി ceekinfo.cee@kerala.gov.in എന്ന ഇ-മെയിൽ മുഖേന അറിയിക്കണം. സാധുവായ പരാതികൾ പരിഗണിച്ച ശേഷം അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കും. വിശദമായ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക. ഹെൽപ് ലൈൻ: 0471-2332120, 0471-2338487.

# മഹാത്മാഗാന്ധി സർവകലാശാലയിൽ മാപ്പിംഗ് പാർട്ടിക്ക് തുടക്കം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസും ഓപ്പൺസ്ട്രീറ്റ്മാപ്പ് കമ്മ്യൂണിറ്റിയും ചേർന്ന് മാപ്പിംഗ് പാർട്ടി സംഘടിപ്പിച്ചു. സംസ്ഥാനതല ഓപ്പൺ മാപ്പിംഗ് സമ്മേളനമായ സ്റ്റേറ്റ് ഓഫ് ദ മാപ് കേരള 2026ന് മുന്നോടിയായാണ് പരിപാടി സംഘടിപ്പിച്ചത്. ഇതോടൊപ്പം നവംബർ 14, 15 തീയതികളിൽ നടക്കുന്ന സമ്മേളനത്തിന്റെ ഔദ്യോഗിക വെബ്സൈറ്റും പ്രകാശനം ചെയ്തു.സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ് ഡയറക്ടർ ഡോ. മഹേഷ് മോഹൻ മാപ്പിംഗ് പാർട്ടി ഉദ്ഘാടനം ചെയ്തു. ഡീൻ ഡോ. ബൈജു കെ.ആർ വെബ്സൈറ്റ് (kerala.stateofthemap.in) പ്രകാശനം ചെയ്തു.

ക്യാമ്പസിലെ ഭൂവിവരങ്ങൾ ശേഖരിച്ച് കൃത്യതയുള്ള ഓപ്പൺ ജിയോസ്പേഷ്യൽ ഡാറ്റയായി പുതുക്കുകയാണ് മാപ്പിംഗ് പാർട്ടിയുടെ ലക്ഷ്യം. പൂർവ്വവിദ്യാർത്ഥിയായ ജയ്സെൻ നെടുമ്പാല മാപ്പിംഗ് പാർട്ടിക്ക് നേതൃത്വം നൽകി.2018, 2019 പ്രളയകാലത്തും ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത സമയത്തും രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ മാപ്പ് ഡാറ്റ നൽകാൻ ഓപ്പൺസ്ട്രീറ്റ്മാപ്പ് കമ്മ്യൂണിറ്റിക്ക് സാധിച്ചതായി ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ് കോഴ്സ് കോഡിനേറ്റർ ഡോ. എബിൻ വർഗീസ് പറഞ്ഞു.

അക്കാദമിക് സമൂഹത്തിൻറെയും പൊതുസമൂഹത്തിൻറെയും പങ്കാളിത്തം ഉറപ്പുവരുത്തി ഓപ്പൺ മാപ്പിംഗ്, ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ, ഗവേഷണം, അറിവ് പങ്കിടൽ എന്നിവ പ്രോത്സാഹിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.




മാപ്പിംഗ് പാർട്ടിയിൽ പങ്കെടുക്കുന്നവർ മാപ്പിങ്ങിനിടെ.



അനുശോചനയോഗത്തിൽ വൈസ് ചാൻസലർ സംസാരിക്കുന്നു.

# അസി. രജിസ്ട്രാർ രാധിക വി. നായരുടെ നിര്യാണത്തിൽ സർവകലാശാല അനുശോചിച്ചു

മഹാത്മാഗാന്ധി സർവകലാശാലാ അസിസ്റ്റൻറ് രജിസ്ട്രാർ രാധിക വി. നായരുടെ നിര്യാണത്തിൽ സർവകലാശാല അനുശോചനം രേഖപെടുത്തി. അസുഖബാധിതയായി ചികിത്സയിലിരിക്കെ കഴിഞ്ഞ 28-നായിരുന്നു വൈക്കം സ്വദേശിയായ രാധികയുടെ അന്ത്യം.

സർവകലാശാലയിൽ ചേർന്ന അനുശോചന യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, ഡോ. ഗിരീഷ് കുമാർ ജി. എസ്., സെനറ്റ് അംഗം സുരേഷ് എം. എസ്., പരീക്ഷാ കൺട്രോളർ ഡോ. സി. എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു സംസാരിച്ചു. സർവകലാശാലയുടെ ഭരണനിർവഹണ രംഗത്ത് കൃത്യനിഷ്ഠയും ഉത്തരവാദിത്തബോധവും വെച്ചുപുലർത്തിയ രാധിക സഹപ്രവർത്തകരോടും ഔദ്യോഗിക ആവശ്യങ്ങൾക്കായി എത്തുന്ന വിദ്യാർത്ഥികളോടും മാതൃകാപരമായ പെരുമാറ്റമാണ് കാഴ്ചവച്ചതെന്നും, രാധികയുടെ വേർപാട് സർവകലാശാലയ്ക്ക് തീരാനഷ്ടമാണെന്നും അനുശോചന സന്ദേശത്തിൽ സർവകലാശാല അഭിപ്രായപ്പെട്ടു.2007ൽ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്ന് സ്ഥലംമാറ്റം വഴി മഹാത്മാഗാന്ധി സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച രാധിക, പരീക്ഷാ ഭവനിലും അഡ്മിനിസ്ട്രേഷനിലും സേവനമനുഷ്ഠിച്ച ശേഷം 2026 ജൂണിലാണ് അസിസ്റ്റൻറ് രജിസ്ട്രാറായി ചുമതലയേറ്റത്.

ടി.വി പുരം ഓണാട്ട് വിശ്വംഭരൻ നായരുടെയും ഇന്ദിരാദേവിയുടെയും മകളാണ്. പാലാ മുൻസിഫ് കോടതി ജീവനക്കാരനായ സുരേഷ് ബാബു ആണ് ഭർത്താവ്. മകൻ വിഐടി അമരാവതി വിദ്യാർത്ഥി അഭിജിത്ത് ബാബു.

# സ്വകാര്യ ബസ് മേഖലയ്ക്ക് ആശ്വാസ നടപടികൾ; കെ. പത്മകുമാർ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു: ബസുകളുടെ കാലാവധി 25 വർഷമാക്കാനും ശുപാർശ

പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി ഉൾപ്പെടെയുള്ള നടപടികളുടെ പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിടുന്ന സ്വകാര്യ ബസ് മേഖലയെ സംരക്ഷിക്കുന്നതിനായി കെ. പത്മകുമാർ അധ്യക്ഷനായ പഠന സമിതി സമർപ്പിച്ച റിപ്പോർട്ടിൽ നിരവധി നിർണായക ശുപാർശകൾ. സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ ഗതാഗത മന്ത്രി സി പി ജോൺ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ സമിതി അധ്യക്ഷൻ കെ. പത്മകുമാർ റിപ്പോർട്ടിലെ പ്രധാന നിർദേശങ്ങൾ വിശദീകരിച്ചു.

നിലവിലെ നികുതി ഘടനയിൽ മാറ്റം വരുത്താതെ സ്വകാര്യ ബസ് ഉടമകൾക്ക് വാഹന നികുതി പ്രതിമാസം അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നാണ് പ്രധാന നിർദേശം. നിലവിൽ വലിയ തുകയായി ഒരുമിച്ച് അടയ്ക്കേണ്ടിവരുന്ന നികുതി പ്രതിമാസമായി അടയ്ക്കാൻ അവസരം ലഭിക്കുന്നത് ഉടമകൾ നേരിടുന്ന സാമ്പത്തിക സമ്മർദം കുറയ്ക്കാൻ സഹായിക്കുമെന്നാണ് വിലയിരുത്തൽ. കൃത്യമായ അറ്റകുറ്റപ്പണികളും ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പാക്കുന്ന ബസുകൾക്ക് നിലവിലെ 22 വർഷത്തെ കാലാവധി 25 വർഷമാക്കുന്നതിനായി കേരള മോട്ടോർ വാഹന ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

കെ എസ് ആർ ടി സിയുടെ യാത്ര ഫ്യുവൽസ് പമ്പുകളിൽ നിന്ന് സ്വകാര്യ ബസുകൾക്ക് ഡീലർ നിരക്കിൽ ഇന്ധനം ലഭ്യമാക്കണമെന്നും റിപ്പോർട്ടിൽ നിർദേശമുണ്ട്. അവധി ദിവസങ്ങളിൽ സർവീസ് നടത്തുന്നതിനായി അനുവദിക്കുന്ന പ്രത്യേക പെർമിറ്റുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനത്തിലൂടെ വേഗത്തിൽ പെർമിറ്റ് ലഭ്യമാക്കുകയും വേണം.

സുരക്ഷയെ ബാധിക്കാത്ത രീതിയിൽ സ്വകാര്യ ബസുകളിൽ പരസ്യങ്ങൾ പതിക്കുന്നതിന് അനുമതി നൽകണമെന്നും സമിതി നിർദേശിച്ചു. സ്വകാര്യ ബസുകൾക്ക് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു. നിലവിൽ സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ ഈടാക്കുന്ന ഉയർന്ന പ്രീമിയം ബസ് ഉടമകൾക്ക് വലിയ സാമ്പത്തിക ബാധ്യതയാകുന്ന സാഹചര്യത്തിലാണ് നിർദേശം.

പ്രിയദർശിനി സർവീസുകൾ നടത്തുന്ന റൂട്ടുകളിൽ സമയക്രമം സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും സമിതി നിർദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെയും സ്വകാര്യ ബസുകളുടെയും സർവീസുകൾ തമ്മിൽ സമയക്രമത്തിൽ ആവശ്യമായ ഏകോപനം ഉറപ്പാക്കാൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം വേണം. ഇതിനായി മേഖലാ അടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും ഏകോപന സമിതികൾ രൂപീകരിക്കണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

സ്വകാര്യ ബസ് സർവീസുകളെ എംഎസ്എംഇ പരിഗണനയോടെ വ്യവസായമായി പ്രഖ്യാപിക്കുക, പ്രിയദർശിനി പദ്ധതിയുടെ ഭാഗമായി സ്വകാര്യ ബസുകളെ വെറ്റ് ലീസ് വ്യവസ്ഥയിൽ കെ എസ് ആർ ടി സി ഉപയോഗിക്കുക തുടങ്ങിയ നിർദേശങ്ങളും സമിതി നേരത്തെ മുന്നോട്ടുവെച്ചിട്ടുണ്ട്. പൊതുഗതാഗത മേഖലയിലെ വിവിധ സംവിധാനങ്ങളെ ഏകോപിപ്പിച്ച് സമഗ്ര ഗതാഗത നയം രൂപീകരിക്കണമെന്നും ഭാവിയിൽ എല്ലാ പൊതുഗതാഗത സംവിധാനങ്ങളിലും ഉപയോഗിക്കാവുന്ന ഐ ടി അധിഷ്ഠിത മൊബിലിറ്റി കാർഡ് ഘട്ടംഘട്ടമായി നടപ്പാക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സിറ്റിംഗ് നടത്തി ബസുടമകളുടെ പരാതികളും അഭിപ്രായങ്ങളും കേട്ട ശേഷമാണ് സമിതി റിപ്പോർട്ട് തയാറാക്കിയത്.

## വൈവ വോസി

ആറാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ജൂലൈ 2026 ൻറെ വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 22 മുതൽ 25 വരെ അതാത് ലോ കോളേജുകളിൽ വെച്ച് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷയക്ക് അപേക്ഷിക്കാം

മൂന്നും നാലും സെമസ്റ്റർ (സിബിസിഎസ്എസ്) ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (2014 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 5 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 6 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 7 വരെയും അപേക്ഷ സ്വീകരിക്കും.




മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ കർമ്മപദ്ധതി തയ്യാറാക്കൽ സംബന്ധിച്ച് മന്ത്രിമാർ, എം. പി. മാർ, എം.എൽ.എ മാർ എന്നിവരുടെ സമ്മേളനം മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ ഷിബു ബേബി ജോൺ, സണ്ണി ജോസഫ്, എ പി അനിൽകുമാർ, കെ എ തുളസി, റോജി എം ജോൺ, എൻ ഷംസുദീൻ, മോൻസ് ജോസഫ് എന്നിവർ സമീപം.

# മനുഷ്യ വന്യജീവി സംഘർഷം: നിയമഭേദഗതിക്ക് ഇടപെടൽ നടത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ

മനുഷ്യ-വന്യജീവി സംഘർഷത്തിൽ ശാശ്വത പരിഹാരത്തിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ കർമ്മപദ്ധതി തയാറാക്കുന്നതിന്റെ ഭാഗമായി ചേർന്ന മന്ത്രിമാരുടെയും വനാതിർത്തി മണ്ഡലങ്ങളെ പ്രതിനിധികരിക്കുന്ന എംഎൽഎമാരുടെയും എംപിമാരുടെയും സമ്മേളനം നിയമസഭാ ബാങ്കെറ്റ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവി ശല്യം നിയന്ത്രിക്കാൻ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ ഭേദഗതികൾ ആവശ്യമാണ്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനും വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനുമുള്ള അധികാരം സംസ്ഥാനത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക സംഘം കേന്ദ്ര സർക്കാരിനെ സമീപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വനങ്ങളിൽ ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യതക്കുറവാണ് വന്യജീവികൾ നാട്ടിലിറങ്ങാനുള്ള പ്രധാന കാരണമെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സ്വാഭാവിക വനങ്ങൾക്ക് പകരം പ്ലാന്റേഷനുകൾ വ്യാപിച്ചതും വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിച്ചിട്ടുണ്ട്. കാടിനുള്ളിൽ തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും. വയനാട് ഉൾപ്പെടെയുള്ള മേഖലകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികമുള്ള കടുവകളെ മറ്റ് ടൈഗർ റിസർവുകളിലേക്ക് മാറ്റുന്ന കാര്യം കേന്ദ്രവുമായി ചർച്ച ചെയ്യും. വന്യജീവികളെ തുരത്തുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങളും കിടങ്ങുകൾ, വേലികൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങളും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.

വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും കാർഷിക വിളകൾ നശിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം വർധിപ്പിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വനംവകുപ്പ് ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള അകലം ഒഴിവാക്കി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. തദ്ദേശ സ്ഥാപനങ്ങളും ജനപ്രതിനിധികളും വനംവകുപ്പും പൊതുജനങ്ങളും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ മനുഷ്യ-വന്യജീവി സംഘർഷത്തിന് ശാശ്വത പരിഹാരം കാണാനാകൂവെന്നും വനാതിർത്തികളിൽ ഭീതിയോടെ കഴിയുന്ന കർഷകർക്കും സാധാരണക്കാർക്കുമൊപ്പം സർക്കാർ ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

വന്യജീവി-മനുഷ്യ സംഘർഷം പരിഹരിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി കേരളത്തെ 14 മേഖലകളായി തിരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതായി വനം-വന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കർഷകരെ വിശ്വാസത്തിലെടുത്താകും പദ്ധതികൾ നടപ്പാക്കുക. വിളനാശത്തിനുള്ള നഷ്ടപരിഹാരം വർധിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. അടിയന്തര ഇടപെടലുകൾക്കായി നിയോജകമണ്ഡലം, പഞ്ചായത്ത് തലങ്ങളിൽ പ്രത്യേക സമിതികളും പ്രാദേശിക കമാൻഡ് സെന്ററുകളും രൂപീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന വന്യജീവി ശല്യത്തിന് ശാശ്വത പരിഹാരം വേണമെന്ന് പരിസ്ഥിതി വകുപ്പ് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. വന്യജീവി ആക്രമണങ്ങളിൽ ഇരയാകുന്നവർക്ക് മികച്ച നഷ്ടപരിഹാരവും ചികിത്സാ സഹായവും ഉറപ്പാക്കാൻ മോട്ടോർ വാഹന അപകടങ്ങളുടെ മാതൃകയിൽ ട്രൈബ്യൂണൽ സംവിധാനം വേണം. സോളാർ ഫെൻസിങ് ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേന്ദ്ര, നബാർഡ് ഫണ്ട് ലഭ്യമാക്കണമെന്നും കാട്ടുപന്നികളെ നിയന്ത്രിക്കാൻ കേന്ദ്രാനുമതിയോടെ കൃത്യമായ നടപടികൾ വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പരിസ്ഥിതിലോല പ്രദേശ നിർണ്ണയത്തിൽ ജനവാസ മേഖലകളും കൃഷിയിടങ്ങളും പൂർണമായി ഒഴിവാക്കി ജനങ്ങളുടെ താൽപര്യം സംരക്ഷിച്ചായിരിക്കും സർക്കാർ നടപടി സ്വീകരിക്കുകയെന്നും മന്ത്രി വ്യക്തമാക്കി.

മന്ത്രിമാരായ എ പി അനിൽകുമാർ, കെ എ തുളസി, റോജി എം ജോൺ, എൻ ഷംസുദീൻ, ടി സിദ്ദിഖ്, പി കെ ബഷീർ, എംപിമാർ, എംഎൽഎ മാർ വനം മേധാവിയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ രാജേഷ് രവീന്ദ്രൻ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# 'ഹൃദയരാഗം', ഹാപ്പിനെസ് സെന്റർ: അരോഗ്യമേഖല കരുത്തുറ്റതാക്കും: ആരോഗ്യ മന്ത്രി

ജീവിതശൈലീ രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി രോഗനിർണയം നടത്തുന്നതിനായി "ഹൃദയരാഗം" എന്ന പ്രത്യേക ക്യാമ്പയിന് വകുപ്പ് തുടക്കം കുറിക്കുകയാണെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, സ്ക്രീനിംഗ്, ചികിത്സ എന്നിവയ്ക്ക് ഏകോപിത ചികിത്സ ഉറപ്പാക്കുവാനായി നടപ്പിലാക്കുന്ന സാമൂഹികാധിഷ്ഠിത പൊതുജനാരോഗ്യ കാമ്പയിനാണ് ഹൃദയരാഗമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അടിസ്ഥാനമാക്കിയാണ് ക്യാമ്പയിൻ നടപ്പാക്കുക. 18 വയസ്സിനു മുകളിലുള്ള എല്ലാവരെയും ഉൾപ്പെടുത്തി സ്ക്രീനിംഗും രോഗസാധ്യതാ വിശകലനവും നടത്തി ഓരോ വ്യക്തിയെയും ാശഹറ, ാീറലൃമലേ, വശഴവ റിസ്ക് വിഭാഗങ്ങളായി തരംതിരിക്കുകയും, രോഗസാധ്യത കണ്ടെത്തുന്നവരെ വിദഗ്ധ ചികിത്സ, പരിശോധന, ചികിത്സ, തുടർസേവനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ഉയർന്ന റിസ്കുള്ളവർക്ക് 24 മണിക്കൂറിനുള്ളിലും, മറ്റുള്ളവർക്ക് രണ്ടാഴ്ചയ്ക്കുള്ളിലും പരിശോധന, ചികിത്സ എന്നിവ ഉറപ്പാക്കും.

പുതുതായി രോഗം കണ്ടെത്തുന്ന ഓരോ വ്യക്തിയെയും രജിസ്റ്റർ ചെയ്ത് ഒരു വ്യക്തിഗത ഹെൽത്ത് ഡയറി നൽകുകയും, ചികിത്സ, ജീവിതശൈലി പരിവർത്തനം എന്നിവ ഉൾപ്പെടുന്ന ചിട്ടയായ തുടർപരിശോധനാ ക്രമത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഗൃഹസന്ദർശനം നടത്തിയുള്ള സർവ്വേ, റിസ്ക് വിലയിരുത്തൽ, സ്ക്രീനിംഗ് ക്യാമ്പുകൾ, ആരോഗ്യമേളകൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലി മാറ്റത്തിനുള്ള പിയർ സപ്പോർട്ട് ഗ്രൂപ്പുകൾ, രോഗനിർണ്ണയത്തിനുള്ള പരിശോധനകൾ, അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കൽ എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ഘടകങ്ങൾ.

ധവട്ടിയൂർക്കാവ് (തിരുവനന്തപുരം), ഇടുക്കി (ഇടുക്കി ജില്ല), നിലമ്പൂർ (മലപ്പുറം)പ എന്നീ മൂന്ന് നിയമസഭാ മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. വരും ദിവസങ്ങളിൽ വിളംബര ജാഥ നടത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കമിടും. പിന്നീട് സംസ്ഥാനവ്യാപകമായി പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ജനസംഖ്യാധിഷ്ഠിത സർവ്വേ ശൈലി (ടഒഅകഘലക) ആപ്പ് വഴിയും സ്ക്രീനിംഗ് ഖഅഗ ജഒ ആപ്പ് വഴിയുമാണ് നടത്തുന്നത്. ഇ-ഹെൽത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് സംവിധാനം വഴിയാണ് രോഗനിർണയം, ചികിത്സ, തുടർപരിശോധനാ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നത്. കാമ്പയിൻ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിന് തത്സമയ ഡാഷ് ബോർഡുകൾ ലഭ്യമാക്കും. സർവ്വേ / സ്ക്രീനിങ് സംബന്ധമായ വിവരങ്ങൾ ഡിജിറ്റൽ സംവിധാനത്തിലൂടെ നിരീക്ഷിച്ച് തുടർപരിശോധനകൾ ആവശ്യമായവർക്ക് അവ ലഭ്യമാക്കുകയും ചെയ്യും.

മാനസികാരോഗ്യ കേന്ദ്രങ്ങൾ ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളെന്ന പേരിലാകും ഇനി അറിയപ്പെടുക. ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് പേരുമാറ്റം. സന്തോഷവും സൗഖ്യവും പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായി ഇവയെ മാറ്റുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ പറഞ്ഞു. ഭൗതിക സാഹചര്യങ്ങളും ആവശ്യമായ ജീവനക്കാരെയും ഇതിനായി നിയോഗിക്കും.

നിലവിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രധാനമായും രോഗനിർണയം, ചികിത്സ, മരുന്ന്, കൗൺസലിങ് തുടങ്ങിയ സേവനങ്ങളാണുള്ളത്. ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ മാനസിക അസ്വാസ്ഥ്യമുള്ളവർക്ക് മാത്രമല്ല, മാനസികമായി ആരോഗ്യകരമായ ജീവിതം ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ മാറ്റുകയാണ് ലക്ഷ്യം. കൗൺസലിങ്, മാനസികാരോഗ്യ ബോധവത്കരണം, സ്ട്രെസ് മാനേജ്മെന്റ്, ജീവിതശൈലി ഇടപെടലുകൾ തുടങ്ങിയവ കേന്ദ്രങ്ങളിൽ ലഭ്യമാക്കും. യുവാക്കളിൽ വർധിച്ചുവരുന്ന സമ്മർദ്ദം, ഏകാന്തത, ലഹരി ഉപയോഗത്തിലേക്കുള്ള സാധ്യത, പഠന-തൊഴിൽ സംബന്ധമായ ആശങ്കകൾ തുടങ്ങിയവ നേരത്തെ തിരിച്ചറിയുന്നതിന് ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾക്ക് പ്രധാന പങ്ക് വഹിക്കാനാകുമെന്നും മന്ത്രി പറഞ്ഞു. 24*7 സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്ന ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ഇനി പ്രതീക്ഷാ കേന്ദ്രങ്ങളെന്ന് അറിയപ്പെടും. പദ്ധതിയുടെ ആദ്യഘട്ടമായി പുനലൂർ താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച സേവനം പത്താം തീയതിയോടെ പൂർണ്ണ സജ്ജമാകും.

ഓരോ ജില്ലയിലും ഒരു പ്രതീക്ഷ കേന്ദ്രമെങ്കിലും സജ്ജമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി അറിയിച്ചു. മെഡിസിൻ, സർജറി, ഓർത്തോ, പീഡിയാട്രിക്സ്, ഗൈനക്കോളജി തുടങ്ങിയ സ്പെഷ്യാലിറ്റി സേവനങ്ങളാണ് ഉറപ്പാക്കുന്നത്. ആവശ്യാനുസരണം ജീവനക്കാരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സന്ദർശിച്ച് സാഹചര്യങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മാറ്റങ്ങൾ വരുത്തുന്നതെന്നും മന്ത്രി പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കേന്ദ്രം നാളികേര മൂല്യവർദ്ധിത പാർക്ക് അനുവദിച്ചാൽ പൂർണ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി

## നാളികേര ദിനാഘോഷം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

നാളികേര കൃഷിക്ക് പുതിയ ഉണർവ് നൽകുന്നതിനും കർഷകർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമായി നാളികേര മൂല്യവർദ്ധിത പാർക്ക് കേരളത്തിൽ വേണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. സംസ്ഥാന കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ദേശീയതല നാളികേര ദിനാഘോഷം ഉദ്ഘാടനം ചെയ്യുന്നതിനിടെയാണ് കേന്ദ്ര കൃഷി - കർഷക ക്ഷേമ സഹമന്ത്രി രാം നാഥ് ഠാക്കൂറിനോട് മുഖ്യമന്ത്രി ഇക്കാര്യം ആവശ്യപ്പെട്ടത്. ഗവേഷണാടിസ്ഥാനത്തിലുള്ള നാളികേര മൂല്യവർദ്ധിത പാർക്ക് യാഥാർത്ഥ്യമാക്കാനുള്ള എല്ലാ പിന്തുണയും സംസ്ഥാന സർക്കാർ നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.



സംസ്ഥാന കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി സംഘടിപ്പിച്ച ദേശീയതല നാളികേര ദിനാഘോഷത്തിന്റെ ഉദ്ഘാടനം വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു. കേന്ദ്ര കൃഷി - കർഷക ക്ഷേമ സഹമന്ത്രി രാം നാഥ് ഠാക്കൂർ, സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ടി സിദ്ദിഖ് തുടങ്ങിയവർ സമീപം.

കേരളം എന്ന പേര് തന്നെ തെങ്ങുമായി ബന്ധപ്പെട്ടതാണെന്നും ഏകദേശം 50 വർഷം മുമ്പ് ഇന്ത്യയിലെ നാളികേര ഉൽപാദനത്തിന്റെ 65 ശതമാനവും കേരളത്തിലായിരുന്നുവെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ന് നാളികേര ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ മികച്ച മുന്നേറ്റം നടത്തുന്നുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ നാളികേരത്തെ തോട്ടവിളയായാണ് പരിഗണിക്കുന്നത്. ശാസ്ത്രീയമായ അകലത്തിൽ തൈകൾ നടാനും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കൃത്യമായി വളപ്രയോഗം നടത്താനും ഇതുവഴി സാധിക്കും. ചെറിയ കൃഷിയിടങ്ങളുടെ പ്രത്യേകതകൾ കാരണം രോഗപ്രതിരോധം ഉൾപ്പെടെയുള്ളവയിൽ ശാസ്ത്രീയമായ ഏകീകൃത സമീപനം കേരളത്തിന് ബുദ്ധിമുട്ടാണെങ്കിലും നാളികേര കൃഷി തോട്ടവിളയായി മാറ്റുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

നാളികേരത്തിൽ മൂല്യവർദ്ധന നടത്തുന്നതിലൂടെ കർഷകർക്ക് നിലവിലെ വിലയേക്കാൾ 50 ശതമാനം വരെ കൂടുതൽ വരുമാനം നൽകാൻ കഴിയും. ഇതിനുള്ള സാധ്യതകൾ പരിശോധിക്കും. പാക്ക് ചെയ്ത കരിക്കിൻ വെള്ളം ഉൾപ്പെടെയുള്ള നാളികേര ഉൽപന്നങ്ങളുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കൂടുതൽ ഗവേഷണങ്ങൾ നടത്തണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.നാളികേര ഉൽപ്പാദനത്തിൽ സംസ്ഥാനങ്ങൾ കൂടുതലായി മുന്നോട്ട് വരണമെന്നും നാളികേര കർഷകർ പുരോഗതി കൈവരിക്കണമെന്നതാണ് തന്റെ ആഗ്രഹമെന്നും ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കേന്ദ്ര കൃഷി - കർഷക ക്ഷേമ സഹമന്ത്രി രാം നാഥ് ഠാക്കൂർ പറഞ്ഞു.

നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും കയറ്റുമതിക്ക് പ്രാധാന്യം നൽകാനും സർക്കാർ ലക്ഷ്യമിടുന്നതായും ഇതിനായി കേന്ദ്ര സർക്കാരിന്റെ പിന്തുണ സംസ്ഥാനം അഭ്യർഥിച്ചിട്ടുണ്ടെന്നും ചടങ്ങിൽ അദ്ധ്യക്ഷനായ കൃഷി മന്ത്രി ടി സിദ്ദിഖ് പറഞ്ഞു.

നാളികേര വികസന ബോർഡിന്റെ അവാർഡുകൾ കേന്ദ്ര സഹമന്ത്രി വിതരണം ചെയ്തു. നന്മ നിറഞ്ഞ കേരളം റേഡിയോ പ്രോഗ്രാമിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു.

എം പി മാരായ കൊടിക്കുന്നിൽ സുരേഷ്, എം കെ രാഘവൻ, നാളികേര വികസന ബോർഡ് ചെയർമാൻ ശുഭ നാഗരാജൻ, ചീഫ് കോക്കനട്ട് ഡെവലപ്മെന്റ് ഓഫീസർ ഡോ. ബി ഹനുമാന്ത ഗൗഡ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ദീപ ഡി നായർ, കേന്ദ്ര ഹോർട്ടികൾച്ചർ കമ്മീഷണർ ഡോ. പ്രഭാത് കുമാർ തുടങ്ങിയവർ സന്നിഹിതരായി.

അനിശ്ചിതത്വത്തിന്റെ കാലത്ത് 'നാളികേരം ഭക്ഷ്യ, ഊർജ, ഉപജീവന സുരക്ഷ' എന്നതാണ് ഈ വർഷത്തെ പ്രമേയം. മേഖലയിലെ ശാസ്ത്രജ്ഞരും നാളികേര കർഷകരും പങ്കെടുത്ത പരിപാടിയിൽ നാളികേര മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിരുന്നു.

## കാലടി സർവകലാശാല വിസിയെ കൈയേറ്റം ചെയ്ത കേസ്: വിദ്യാർഥികളുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി

കൊച്ചി: കാലടി സംസ്കൃത സർവകലാശാല താൽക്കാലിക വിസി ഡോ. സിസ തോമസിനെ കൈയേറ്റം ചെയ്തെന്ന കേസിൽ വിദ്യാർഥികളുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി. 14 വിദ്യാർഥികളുടെ മുൻകൂർ ജാമ്യാപേക്ഷയാണ് എറണാകുളം സെഷൻസ് കോടതി തള്ളിയത്. ഇതോടെ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിക്കാനാണ് വിദ്യാർഥികളുടെ നീക്കം. വിസിയെ കൈയേറ്റം ചെയ്ത സംഭവത്തിൽ നാല് പ്രതികളെ നേരത്തെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരുന്നു. ബാക്കിയുള്ള വിദ്യാർഥികളാണ് മുൻകൂർ ജാമ്യം തേടിയത്. കഴിഞ്ഞ ഓഗസ്റ്റ് 13ന് ആയിരുന്നു കേസിനാസ്പദമായ സംഭവം. സിസ തോമസ് സിൻഡിക്കേറ്റ് യോഗത്തിനായി എത്തിയപ്പോഴായിരുന്നു വിദ്യാർഥികൾ പ്രതിഷേധം ഉയർത്തിയത്. ഇതിനെ തുടർന്ന് വിദ്യാർഥികൾക്കെതിരെ സിസ തോമസ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകി. പൊലിസിലും പരാതി നൽകിയിരുന്നു. വിദ്യാർഥികൾക്കെതിരെ നടപടി എടുക്കാൻ വൈകിയതിൽ ഗവർണർ ഡിജിപിയെ വിളിച്ചു വരുത്തി വിശദീകരണം തേടിയിരുന്നു. സർവകലാശാല അച്ചടക്കത്തിന് വിരുദ്ധമായി പ്രവർത്തിച്ചുവെന്ന് ആരോപിച്ച് ചൊവ്വാഴ്ച ആഭ്യന്തര അന്വേഷണം പൂർത്തിയാകുന്നത് വരെ 16 വിദ്യാർഥികളെ സസ്പെൻഡ് ചെയ്തിരുന്നു. സർട്ടിഫിക്കറ്റ് വിതരണം വൈകിയത് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് വിദ്യാർഥികൾ സമരം നടത്തിയിരുന്നത്.

## കറിയെ ചൊല്ലി തർക്കം; ഭാര്യയെ ഭർത്താവ് കുത്തിക്കൊന്നു

മലപ്പുറം: കറിയെച്ചൊല്ലിയുണ്ടായ തർക്കത്തെത്തുടർന്ന് വണ്ടൂരിൽ ഭാര്യയെ ഭർത്താവ് കുത്തിക്കൊന്നു. വണ്ടൂർ പാറശ്ശേരി കുന്നുമ്മൽ ഫസീല (38) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഭർത്താവ് കുന്നുമ്മൽ റഷീദിനെ (48) പൊലിസ് കസ്റ്റഡിയിലെടുത്തു. ഉച്ചഭക്ഷണത്തിൽ തയാറാക്കിയ കറിയെച്ചൊല്ലിയുണ്ടായ വാക്കുതർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. തർക്കത്തിനിടയിൽ റഷീദ് കത്തിയെടുത്ത് ഫസീലയുടെ നെഞ്ചിനു താഴെ കുത്തുകയായിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു. ഗുരുതരമായി പരിക്കേറ്റ ഫസീലയെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പ്രതിയായ റഷീദ് സ്ഥിരമായി മദ്യപിച്ചെത്തി ഭാര്യയുമായി വഴക്കുണ്ടാക്കാറുള്ളതായി നാട്ടുകാർ പറഞ്ഞു. മദ്യലഹരിയിലാണ് കൊലപാതകം നടത്തിയതെന്നാണ് പ്രഥമിക വിവരം. ഫസീലയുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടപടികൾക്കായി സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ബിനാനി സിങ്ക് തൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തരമായി നൽകും: മന്ത്രി ബിന്ദു കൃഷ്ണ

ആലുവ എടയാർ ബിനാനി സിങ്ക് കമ്പനിയിലെ തൊഴിലാളികളുടെ വേതന കുടിശ്ശിക മുൻധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം നൽകാൻ തീരുമാനമായി. തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിലാണ് ധാരണയായത്. ഫിഷറീസ് വകുപ്പ് മന്ത്രി വി.ഇ അബ്ദുൾ ഗഫൂറും യോഗത്തിന് നേതൃത്വം നൽകി.

ഈ വർഷം നവംബറിൽ ആറ് കോടി രൂപയും അടുത്ത മാർച്ചിനുള്ളിൽ ശേഷിക്കുന്ന മുഴുവൻ തുകയും നൽകുമെന്ന് കമ്പനി മാനേജ്മെന്റ് യോഗത്തിൽ അറിയിച്ചു. മുൻ ധാരണാപത്രമനുസരിച്ചാണ് പുതിയ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. തൊഴിലാളി, തൊഴിലുടമ സഹകരണം ഉറപ്പാക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് മന്ത്രി യോഗത്തിൽ പറഞ്ഞു. വേതന കുടിശ്ശിക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ആവശ്യമായ പിന്തുണ നൽകുമെന്ന് മന്ത്രി വ്യക്തമാക്കി. യോഗത്തിൽ ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ, അഡീഷണൽ ലേബർ കമ്മീഷണർ ബീന മോൾ വർഗീസ്, എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഡി സുരേഷ് കുമാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കമ്പനി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

## സംസ്ഥാനത്ത് ക്രിക്കറ്റ് ടൂറിസം പദ്ധതിയുമായി കെ. സി. എ; ഒരുങ്ങുന്നത് 1500 കോടിയുടെ നിക്ഷേപം

### @ സെപ്റ്റംബർ 11 ന് പ്രത്യേക നിക്ഷേപക സംഗമം സംഘടിപ്പിക്കും

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ കായിക, ടൂറിസം മേഖലകളിൽ വൻ മാറ്റത്തിന് വഴിയൊരുക്കാൻ ക്രിക്കറ്റ് ടൂറിസം പദ്ധതിയുമായി കേരള ക്രിക്കറ്റ് അസോസിയേഷൻ. സ്വകാര്യ പങ്കാളിത്തത്തോടെ 1500 കോടി രൂപയുടെ നിക്ഷേപമാണ് ആദ്യഘട്ടത്തിൽ കെ. സി. എ ലക്ഷ്യമിടുന്നത്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ഹോസ്പിറ്റാലിറ്റി, റീട്ടെയ്ൽ, വിനോദ മേഖലകളിലെ പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ മാസം 11 ന് തിരുവനന്തപുരത്ത് പ്രത്യേക നിക്ഷേപക സംഗമം സംഘടിപ്പിക്കും. ഇതിനായുള്ള താല്പര്യപത്രം ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ https: // www. keralacricketaossciation. com/ എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ക്രിക്കറ്റ് മത്സരം കാണാൻ മാത്രമുള്ള ഇടം എന്നതിലുപരി, സ്റ്റേഡിയങ്ങളെ വർഷം മുഴുവൻ സജീവമായ വിനോദ-ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ കാതൽ. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്ലബ്ബ് ഹൗസ്, സ്പോർട്സ് ലോഞ്ച്, പ്രമുഖ ബ്രാൻഡുകളുടെ റസ്റ്റോറന്റുകൾ, ഫുഡ് കോർട്ടുകൾ എന്നിവ സ്റ്റേഡിയങ്ങളോട് അനുബന്ധിച്ച് നിർമ്മിക്കും. ബിസിനസ് ടൂറിസത്തിനും കോർപ്പറേറ്റ് സമ്മേളനങ്ങൾക്കുമുള്ള അത്യാധുനിക കൺവെൻഷൻ സെന്ററുകൾ, ഷോപ്പിംഗ് കോംപ്ലക്സ്, സ്പോർട്സ് മെർച്ചൻഡൈസ് ഹബ്ബ്, ഗ്രൗണ്ടിന്റെ പശ്ചാത്തലത്തിലുള്ള ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് സെന്റർ, ഫാൻ പാർക്കുകൾ, ക്രിക്കറ്റ് മ്യൂസിയം എന്നിവയും ഈ വിനോദ സമുച്ചയത്തിന്റെ ഭാഗമാകും.

ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന പദ്ധതിയുടെ ആദ്യഘട്ടം തലസ്ഥാനത്താണ് നടപ്പിലാക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ തൈക്കാട്, മംഗലപുരം എന്നിവയ്ക്ക് പുറമെ കൊല്ലം എഴുകോൺ, തൊടുപുഴ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലും കെ. സി. എയ്ക്ക് സ്വന്തമായി ഭൂമിയുണ്ട്. കൊച്ചിയിൽ നിർദിഷ്ട അന്താരാഷ്ട്ര സ്റ്റേഡിയത്തിനായി ഇതിനോടകം സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. കൂടാതെ കോഴിക്കോട്, തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പുതിയ പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

ഹോസ്പിറ്റാലിറ്റി, റീട്ടെയ്ൽ, വിനോദ മേഖലകളിലെ പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ. സി. എ പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്.

കേരളത്തിന്റെ ടൂറിസം കുതിപ്പിന് വലിയ കരുത്തേകുന്ന ഈ പദ്ധതിക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കാനാകുമെന്ന് കെ. സി. എ പ്രസിഡന്റ് അഡ്വ. ശ്രീജിത്ത് വി നായർ അറിയിച്ചു. സംസ്ഥാന ടൂറിസം വകുപ്പുമായി സഹകരിച്ചുള്ള തുടർ പദ്ധതികൾക്കായി വകുപ്പ് മന്ത്രി പി. സി വിഷ്ണുനാഥുമായി ഉടൻ ചർച്ച നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

'ക്രിക്കറ്റ് മത്സരങ്ങൾ നടക്കുമ്പോൾ മാത്രം സജീവമാകുന്ന ഗ്രൗണ്ടുകൾ എന്ന പരമ്പരാഗത കാഴ്ചപ്പാടിനാണ് ഇതോടെ മാറ്റം വരുന്നത്. വർഷം മുഴുവൻ ജനങ്ങളെ ആകർഷിക്കുന്ന സ്പോർട്സ് ടൂറിസം ഹബ്ബുകളായി കെ. സി. എ സ്റ്റേഡിയങ്ങൾ മാറും. ഇന്ത്യയിലെ തന്നെ ആദ്യത്തെ സമ്പൂർണ്ണ ക്രിക്കറ്റ് ടൂറിസം ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റുകയാണ് ഞങ്ങളുടെ ലക്ഷ്യം, ' കെ. സി. എ സെക്രട്ടറി വിനോദ് എസ്. കുമാർ പറഞ്ഞു.

## തോട്ടം മേഖലയിൽ വന്യജീവി ആക്രമണം ലഘൂകരിക്കാൻ സമഗ്ര പദ്ധതി നടപ്പാക്കും: മന്ത്രി ബിന്ദു കൃഷ്ണ

സംസ്ഥാനത്തെ തോട്ടം മേഖലയിൽ വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായി തൊഴിൽ, വനം, റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെ സമഗ്ര പദ്ധതി നടപ്പാക്കുമെന്ന് തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ അറിയിച്ചു. മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു.

വന്യജീവികളെ പ്രതിരോധിക്കാൻ കഴിയുന്ന സസ്യങ്ങൾ ഉപയോഗിച്ചുള്ള ജൈവവേലി ഉൾപ്പെടെയുള്ള പ്രതിരോധ മാർഗങ്ങളുടെ സാധ്യത പരിശോധിക്കും. ഓഡിയോ-വിഷ്വൽ, എ.ഐ. അധിഷ്ഠിത തെർമൽ ക്യാമറകൾ ഉപയോഗിച്ച് വന്യജീവികളുടെ സാന്നിധ്യം തിരിച്ചറിഞ്ഞ് അലാറം നൽകുന്ന സംവിധാനങ്ങൾ വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. ഇത്തരം സംവിധാനങ്ങൾ സംബന്ധിച്ച് കർഷകരെയും തോട്ടം മേഖലയിലെ തൊഴിലാളികളെയും ബോധവൽക്കരിച്ച് നടപ്പാക്കുന്ന കാര്യവും പരിഗണിക്കും. പുലിയുടെ സാന്നിധ്യം തിരിച്ചറിയുന്നതിനും അകറ്റുന്നതിനുമായി സോളാർ പവർ ഉപയോഗിച്ചുള്ള എൽ.ഇ.ഡി. ഫ്ലാഷ് ലൈറ്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളും പരിഗണിക്കുമെന്ന് മന്ത്രി പറഞ്ഞു.

പരിപാലനം കൃത്യമായി നടക്കാത്ത എസ്റ്റേറ്റുകളിലെ അടിക്കാടുകളിലും കുറ്റിക്കാടുകളിലും പകൽസമയത്ത് വന്യജീവികൾ തമ്പടിക്കുന്ന സാഹചര്യമുണ്ട്. എസ്റ്റേറ്റ് ഉടമകളുടെ സഹകരണത്തോടെ ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

എസ്റ്റേറ്റുകളിൽ കഴിയുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കും വന്യജീവികളുടെ സാന്നിധ്യം സംബന്ധിച്ച വിവരങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കാൻ എസ്റ്റേറ്റ് ഉടമകൾ തയ്യാറാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

പ്രാദേശികാടിസ്ഥാനത്തിലുള്ള ജന ജാഗ്രതാ സമിതികൾ സജീവമാക്കുന്നതിനാവശ്യമായ നടപടികളടക്കം വകുപ്പ് തലത്തിൽ സ്വീകരിക്കും. സമഗ്രമായ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് തോട്ടം മേഖലയിൽ വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

ലേബർ കമ്മീഷണർ സഫ്ന നസറുദീൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പി പുകഴേന്തി, അഡീഷണൽ ലേബർ കമ്മീഷണർ ബീന മോൾ വർഗീസ്, ചീഫ് ഇൻസ്പക്ടർ ഓഫ് പ്ലാന്റേഷൻസ് ശങ്കർ പി ആർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു

## പോബ്സ് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ ധാരണ: മന്ത്രി ബിന്ദു കൃഷ്ണ

ഇടുക്കി വണ്ടിപ്പെരിയാറിലെ പോബ്സ് തേയില എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ധാരണയായി.

തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ എസ്റ്റേറ്റ് മാനേജ്മെന്റുമായും തൊഴിലാളി യൂണിയൻ നേതാക്കളുമായും നടത്തിയ ചർച്ചയിലാണ് തീരുമാനമായത്.

ഒരു വർഷമായി എസ്റ്റേറ്റ് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയും, തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യത്തിലുമാണ് തൊഴിൽമന്ത്രി യോഗം വിളിച്ചു ചേർത്തത്. തൊഴിലാളികളുടെ വേതന കുടിശ്ശിക ഘട്ടം ഘട്ടമായി നൽകാനും ധാരണയായി. തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും സഹകരണത്തിലൂടെ തോട്ടം തുറന്ന് പ്രവർത്തിക്കുന്നതിനുള നടപടികൾ പൂർത്തീകരിക്കാൻ മന്ത്രി ബിന്ദു കൃഷ്ണ നിർദേശിച്ചു.

തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് (പി.എഫ്) വിഹിതം അടയ്ക്കാത്തതുമായി ബന്ധപ്പെട്ട പ്രശ്നവും പരിഹരിക്കും. കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള സമയക്രമവും വ്യവസ്ഥകളും നിശ്ചയിക്കാൻ യോഗം വിളിച്ചുചേർക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി.

പീരുമേട് എം.എൽ.എ സിറിയക് തോമസ്, ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ, അഡീഷണൽ ലേബർ കമ്മീഷണർ ബീന മോൾ വർഗീസ്, എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഡി സുരേഷ് കുമാർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ശങ്കർ പി ആർ ,യൂണിയൻ പ്രതിധികളായ ആർ. തിലകൻ, പി.കെ. രാജൻ, ഷാജി പൈനാടത്ത്, പി ആർ അയ്യപ്പൻ, അഡ്വ. സോബിൻ സോമൻ, എന്നിവരും മാനേജ്മെന്റ് പ്രതിനിധികളായ തോമസ് ജേക്കബ്, പ്രദീപ് കുമാർ എ.കെ, സുരേഷ് പി വർഗീസ്, ഷോൺ എബ്രഹാം എന്നിവരും യോഗത്തിൽ പങ്കെടുത്തു.

